## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4592 18/05/2017-ൽ മറുപടിക്ക്

### തെൻമല ഡാമിൽ നിന്നും വൈദ്യുതി

| | ചോദ്യം<br><br>ശ്രീ.മുല്ലക്കര രത്നാകരൻ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തെൻമല ഡാമിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (എ) | തെന്മല ഡാമിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കല്ലട പവർ ഹൗസിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. കല്ലട പവർ ഹൗസിൽ 7.5 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ട് ജനറേറ്ററുകളാണ് സ്ഥാപിച്ചിട്ടുള്ളത്. 07.05.2017 വരെ കല്ലട പവർഹൗസിൽ നിന്നും പ്രതിദിനം ശരാശരി 0.08 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിരുന്നു. എന്നാൽ 07.05.2017-നു ശേഷം തെൻമല ഡാമിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ പര്യാപ്തമായ നിലയിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ കല്ലട പവർഹൗസിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. ജലം ലഭ്യമാകുന്ന മുറയ്ക്ക് ഉൽപ്പാദനം പുനരാരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ